**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **06-10-2021 - ൽ മറുപടിയ്ക്ക്**

**ആതിരപ്പിള്ളി, വാഴച്ചാൽ, ചാലക്കുടി വന മേഖലകളിലെ വന്യമൃഗ പ്രതിരോധ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആതിരപ്പിള്ളി, വാഴച്ചാൽ, ചാലക്കുടി വനമേഖലകളിലെ വന്യജീവികളുടെ ആക്രമണത്തിൽ നിന്നും വനാതിർത്തിയിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എത്ര തവണ ഉന്നതതലയോഗം ചേർന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) | ചാലക്കുടി നിയോജകമണ്ഡലത്തിലെ വനമേഖലകളിലെ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വാഴച്ചാൽ, ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ ഉൾപ്പെടുത്തി ഉന്നതതലയോഗം കഴിഞ്ഞ സർക്കാരിൻറെ കാലത്ത് 14.11.2019-ന് കൂടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ വിശദീകരിക്കാമോ; | (ബി) | വന്യജീവി സംഘർഷം തടയുന്നതിന് ചാലക്കുടി വനം ഡിവിഷനിലെ പരിയാരം റെയിഞ്ചിൽ 29 കി.മീ. സ്ഥലത്ത് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ടി ജോലി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | ഇതിൽ നടപ്പിലാക്കിയവയും നടപ്പിലാക്കാനുള്ളവയും ഏതൊക്കെയെന്ന് അറിയിക്കുമോ? | (സി) | 14.11.2019-ലെ യോഗ തീരുമാനം നടപ്പാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ